## തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Geromic George IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - മുൻ പഞ്ചായത്ത് വകുപ്പിലെ സീനിയർ ക്ലാർക്ക് ഗിരിജ എ യുടെ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പുന:ക്രമീകരിച്ച് ഉത്തരവാക്കുന്നത് സംബന്ധിച്ച്.

ഉത്തരവ് നമ്പർ LSGD/PD/40559/2024-GEA3 തീയതി: 15-09-2025

പരാമർശം:

1) തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 16.10.2024 തീയതിയിലെ LSGD/JD/PKD/7546/2024-A4 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 22.05.2010 തീയതിയിലെ ഇ6 - 24600/2009 നമ്പർ ഉത്തരവ്.
3) ടൂറിസം വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 28.08.2010 ലെ ഇ1-3288/2009 നമ്പർ ഉത്തരവ്
4) പഞ്ചായത്ത് ഡയറക്ടറുടെ 13.06.2013 തീയതിയിലെ എസ്. 1-14444/2013 നമ്പർ ഉത്തരവ്.
5) 06.02.2013 ലെ G.O.(P) No. 5/2013/P&ARD ഉത്തരവ്
6) 10.07.2014 ലെ G.O.(P) No. 20/2014/P&ARD ഉത്തരവ്
7) 14.11.2014ലെ G.O.(P) No. 38/2014/P&ARD ഉത്തരവ്
8) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശക-സി) വകുപ്പിന്റെ 24.09.2024 തീയതിയിലെ ഉപ.സി.3/100/2024/P&ARD നം. സർക്കുലർ
9) 01.08.2025-തീയതിയിലെ LSGD/PD/40559/2024-GEA3 നമ്പർ നോട്ടീസ്.

### ഉത്തരവ്

എകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിൽ കേരള പി.എസ്.സി പാലക്കാട് ജില്ലാ ഓഫീസറുടെ 25.04.2009 തീയതിയിലെ PII(3)201/07.8(1) നിയമന ശുപാർശ പ്രകാരം ടൂറിസം വകുപ്പിൽ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിലാണ് ശ്രീമതി. ഗിരിജ എ യ്ക്ക് എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ചത്. തുടർന്ന് പരാമർശം (2) ഉത്തരവിലൂടെ അന്തർവകുപ്പ് സ്ഥലം മാറ്റം വഴി ടിയാൾക്ക് പഞ്ചായത്ത് വകുപ്പിലേക്ക് നിയമനം ലഭിക്കുകയും പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു. എന്നാൽ അന്തർ വകുപ്പ് സ്ഥലംമാറ്റം മുഖേന പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിച്ചതെന്നും ശ്രീമതി.ഗിരിജയ്ക്ക് ആദ്യ അഡ്വൈസ് തീയതി അടിസ്ഥാനമാക്കി ക്ലാർക്ക് തസ്തികയിൽ സീനിയോരിറ്റി അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ പരിശോധിച്ചതിൽ സർക്കാർ ജീവനക്കാർക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പരാമർശം (5) ഉത്തരവിൽ ജില്ലാതല റാങ്ക് പട്ടികകളിൽ നിന്നും ആസ്ഥാനകാര്യാലയത്തിൽ നിയമിതരാവുകയും ടി ഉത്തരവിലെ ഖണ്ഡിക 3(vii), 3(ix) എന്നിവ പ്രകാരം മാതൃജില്ലയിൽ മറ്റ് വകുപ്പുകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുകയും ചെയ്യുന്ന ജീവനക്കാർക്ക് കെ.എസ്സ് & എസ്.എസ്.ആർ ഭാഗം II, ചട്ടം 27 (സി) പ്രകാരമുള്ള സീനിയോരിറ്റി സംരക്ഷിച്ചു നല്കാവുന്നതാണ് എന്ന് പരാമർശം (6) , (7), (8) സർക്കുലർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം ശ്രീമതി. ഗിരിജ എ യ്ക്ക് ആദ്യ അഡ്വൈസ് തീയതിയായ 25.04.2009 അടിസ്ഥാനമാക്കി ക്ലാർക്ക് തസ്തികയിൽ സീനിയോരിറ്റി ലഭിക്കുന്നതിന് അർഹതയുള്ളതാണ്. ആയതിനാൽ പരാമർശം(4) പ്രകാരമുള്ള മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലാർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ശ്രീമതി. ഗിരിജ എ-യുടെ സ്ഥാനം ആദ്യ അഡ്വൈസ് തീയതിയായ 25.04.2009 അടിസ്ഥാനമാക്കി ക്രമ നം. 269 ശ്രീമതി. സുധ. ബി ക്രമ നം. 270 വിനോദ് കുമാർ ബി ക്കും മദ്ധ്യേ 269

A ആയി പുന:ക്രമീകരിച്ചും പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച തീയതിയായ 30.08.2010 അടിസ്ഥാനമാക്കി ശ്രീമതി. ഗിരിജ എ ഉൾപ്പെട്ടിട്ടുള്ള ക്രമ നം. 1616 DELETED എന്ന് രേഖപ്പെടുത്തിയും പരാമർശം(9) പ്രകരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു.

പ്രസ്തുത താത്കാലിക തീരുമാനത്തിൽ മറ്റ് ആക്ഷേപങ്ങളൊന്നും തന്നെ ലഭ്യമാകാത്ത സാഹചര്യത്തിൽ ശ്രീമതി.ഗിരിജ.എ-യുടെ സീനിയോരിറ്റി മേൽ പറയും പ്രകാരം പുനക്രമീകരിച്ചും അപ്രകാരം ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

Geromic George IAS
PRINCIPAL DIRECTOR

പകർപ്പ്:
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീമതി. ഗിരിജ എ (ജില്ലാ ജോയിന്റ് ഡയറക്ടർ, പാലക്കാട് മുഖേന)
3. ജൂനിയർ സൂപ്രണ്ട്, DEC-സെക്ഷൻ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സിസ്റ്റം മാനേജർക്ക് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

5 കരുതൽ ഫയൽ / ഓഫീസ് കോപ്പി